## 1238

*രീതി:എന്തതിശയമേ ദൈവത്തിൻ*

1 ഇന്നു പകൽ വിനയോരോന്നായ് വന്നെന്നാൽ
കർത്തനെ നിൻ ചിറകിൻ-കീഴിൽ
ഭദ്രമായ് ശരണം നൽകിയതോർത്തു ഞാൻ വന്ദിക്കുന്നാദരവായ്-

2 ശത്രുവിന്നസ്ത്രം പറക്കും പകലിലും രാവിൻ ഭയങ്ങളിലും-ഘോര
മാരിയോ പീഡയോ ലേശമേഴാതെന്നെ പാലിച്ചെന്തത്ഭുതമായ്!-

3 കണ്ണീരിലാണ്ടു വലഞ്ഞു നിരാശയിൽ ലോകർ ഞരങ്ങിടുമ്പോൾ-ദേവാ
എത്രയും മോദമായ് പാടുവാൻ നീ തന്നു ഭാഗ്യമീ സാധുവിന്നു-

4 ഘോരമാം കൂരിരുളേറുന്നു പാരിതിൽ നാഥനേ! നീ വെളിച്ചം-തൂകും
പൊൻപ്രഭാതം വരും വേളവരെ നിന്നിൽ വിശ്രാമം തന്നിടേണം-
**P.P.G.**